## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4531** **22.07.2015-ന് മറുപടിക്ക്**

## പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടുത്തിയ സ്വകാര്യ ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വനാതിർത്തിയോട് ചേർന്ന് കിടക്കുന്നതും, പട്ടയമുള്ളതും വർഷങ്ങളായി നികുതി ഒടുക്കി താമസിക്കുകയും കൃഷിചെയ്തു വരുന്നതുമായ സ്വകാര്യ ഭൂമി പരിസ്ഥിതിലോല മേഖലയിൽ ഉൾപ്പെടുത്തിയത് വഴി പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുവാനായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 10.3.2014-ലെ കരട് വിജ്ഞാപനത്തിൽ പശ്ചിമഘട്ട മേഖലയിലെ ജനതയുടെ ഉപജീവനത്തെയോ കൃഷിവൃത്തിയെയോ ബാധിക്കുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നില്ല. ജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന നടപടികൾ ഒഴിവാക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത സ്വകാര്യഭൂമി പരിസ്ഥിതിലോല മേഖലയിലുൾപ്പെടുത്തിയത് ഒഴിവാക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും ബാക്കിയെത്രയുണ്ടെന്നും ജില്ലതിരിച്ച് പറയാമോ ; | (ബി) സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച പഞ്ചായത്തുതല അഞ്ചംഗ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ഉമ്മൻ വി.ഉമ്മൻ കമ്മിറ്റി ശുപാർശ ചെയ്ത് സർക്കാർ അംഗീകരിച്ച കഡസ്ട്രൽ മാപ്പിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചത്. ഈ മാപ്പിൽ എല്ലാ സ്വകാര്യ ഭൂമികളും ഒഴിവാക്കപ്പെട്ടിരുന്നു. സ്വകാര്യഭൂമി പരിസ്ഥിതിലോല പ്രദേശത്തു നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് 12 പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ പരിസ്ഥിതിലോല പ്രദേശങ്ങളുടെ സർവ്വെ നമ്പർ അടിസ്ഥാനമാക്കിയുള്ള അതിർത്തി വിവരണ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പരിസ്ഥിതിലോല മേഖലയിൽ സ്വകാര്യഭൂമി ഉൾപ്പെട്ടുവെന്ന ആവലാതികൾ പരിശോധിക്കാനോ തീർപ്പാക്കാനോ കഴിയുകയില്ല. |
| (സി) പരിസ്ഥിതിലോല മേഖലയിൽ നിന്നും ഒഴിവാക്കി കിട്ടാൻ നിയമപരമായ അർഹതയുണ്ടെങ്കിൽ അത്തരം അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തി നിർണ്ണയം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായശേഷമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാനാവൂ. |

സെക്ഷൻ ഓഫീസർ